**കേരള സർക്കാർ**

സംഗ്രഹം

തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **319 /2018/ധന.** തിരുവനന്തപുരം, തീയതി **12.01.2018**

പരാമർശം - തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ 01.01.2018 ലെ ജി1 20879/2017/ ഗവ.മെ.കോ.ആ. നമ്പരായുള്ള കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചിസ് പ്ലസ് സ്കീം പ്രകാരം ഏകദേശം 700 നും 750 നും ഇടയ്ക്ക് രോഗികൾ മാസം തോറും ചികിത്സിക്കപ്പെടുന്നുണ്ടെന്നും ഇതിനുള്ള ഫണ്ട് എസ്.ബി.ഐ. മെഡിക്കൽ കേളേജ് ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുകയും അതിൽനിന്നും വിവിധ കമ്പനികൾക്ക് ബിൽ പാസാക്കി തുക നൽകി വരുന്നുവെന്നും എന്നാൽ 16.11.2017 ലെ സ.ഉ. നം. 147/2017/ധന പ്രകാരം ചിസ് പ്ലസ് ഫണ്ട് നൽകാനായി റ്റി.എസ്.ബി. അക്കൗണ്ട് നം. അറിയിക്കണമെന്നും അറിയിച്ചിരിക്കുന്നുവെന്നും, തുകകൾ ലഭിക്കുന്നതിൽ കാലതാമസം ഉണ്ടെന്നാരോപിച്ച് സർക്കാർ സ്ഥാപനമായ കെ.എം.എസ്.സി.എൽ. ഉൾപ്പടെ മരുന്നുവിതരണം ഇടക്കിടെ നിർത്തിവക്കുന്ന സാഹചര്യത്തിൽ, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ മെഡിക്കൽ കോളേജ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് പരാമർശത്തിലെ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ മെഡിക്കൽ കോളേജ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ കോളേജ് ആശുപത്രി, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം - 695 011.
മെഡിക്കൽ കോളേജ് ട്രഷറി ഓഫീസർ, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ